യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി എന്നുള്ള നിലയിലാണ് ചെയ്യേണ്ടത്. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കൊടുമണ്ണിൽ ഇത് സ്ഥാപിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത്. പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലാണ് ഇപ്പോൾ ഇത് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. തിരുവല്ലയിൽ നിന്ന് മാറേണ്ട കാര്യമില്ല. എങ്കിലും ഈ കാര്യം വളരെ പ്രസക്തമാണ്. ശങ്കരാചാര്യരുടെ ജന്മസ്ഥലത്ത് ഒരു സെൻറർ സ്ഥാപിക്കാവുന്നതേയുള്ളൂ. പുതിയതായി ഒരു സെൻറർ കൊടുക്കുന്ന സമയത്ത് ഈ കാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് യൂണിവേഴ്സിറ്റിയോടും ഗവൺമെൻറ് ആവശ്യപ്പെടുന്നതാണെന്ന് ഞാൻ അറിയിക്കുകയാണ്.

## (17) കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

ശ്രീ. ടി. ശിവദാസ മേനോൻ: സർ, ഒരു അടിയന്തിര പ്രമേയത്തിലൂടെയോ അല്ലെങ്കിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെയോ അവതരിപ്പിക്കേണ്ട ഒരു സുപ്രധാന പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ അദ്ധ്യാപക സംഘടനകൾ, എ. കെ. ജി. സി. ടി. എ., എ. കെ. പി. സി. ടി. എ. തുടങ്ങിയ സംഘടനകൾ രണ്ട് ലക്ഷം അദ്ധ്യാപകരുടെ ഒപ്പ് ശേഖരിച്ച് കാസർഗോഡ് മുതൽ പാറശ്ശാല വരെ നടത്തിയ ജാഥ ഇന്ന് ഇവിടെ എത്തുകയാണ്. ഇപ്പോൾ ഈ ഗവൺമെൻറിനെ കുറ്റവിചാരണ ചെയ്തുകൊണ്ട് ഒരു ചാർജ് ഷീറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈയിൽ കൊടുക്കുകയാവും. അതിൽ പ്രധാനമായി പറഞ്ഞിട്ടുള്ള പോയിൻറ്സ് വിശദീകരണമില്ലാതെ ഈ സഭയിൽ ഉന്നയിക്കേണ്ടത് ആവശ്യം മാത്രമാണെന്നുള്ളതുകൊണ്ടാണ് ഈ ഗൗരവമായ പ്രശ്നം ഉന്നയിക്കുന്നത്.

സർ, നമ്മുടെ ബജറ്റിലെ വലിയൊരു തുക ചെലവഴിക്കുന്നത് വിദ്യാഭ്യാസത്തിനാണ്. ചരിത്രപരമായ കാരണങ്ങളാലും മെഷിനറികളുടെ വർക്കുകൊണ്ടും മറ്റു പലരുടെയും സംഭാവന കൊണ്ടും കേരളം വിദ്യാഭ്യാസ രംഗത്ത് മുന്നിലാണ്. ഇവിടെ സർക്കാർ സ്കൂളുകളായാലും പ്രൈവറ്റ് മേഖലയിലുള്ള സ്കൂളുകളിലായാലും കഴിഞ്ഞ പത്ത് മുപ്പത് വർഷമായി സൗജന്യ വിദ്യാഭ്യാസം കൊടുക്കുകയാണ്. 1950-ൽ നിലവിൽ വന്ന നമ്മുടെ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിലെ മാർഗ്ഗനിർദ്ദേശതത്വമനുസരിച്ച് ആറ് തൊട്ട് പതിനാല് വരെയുള്ള ഏജ് ഗ്രൂപ്പിന് സൗജന്യ വിദ്യാഭ്യാസം കൊടുക്കണം. അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, പ്രൈവറ്റ് മേഖലയിലായാലും ഗവൺമെൻറ് മേഖലയിലായാലും കുട്ടികളെ എടുക്കുന്നത് മെരിറ്റിലാണ്. പ്രൈവറ്റ് മേഖലയിൽ 15 ശതമാനം മാനേജ്മെൻറ് ക്വാട്ടയുണ്ട്. ബാക്കിയൊക്കെ മെരിറ്റിലാണ്. പിന്നോക്ക സമുദായക്കാർക്ക് ഒ. ബി. സി. ലിസ്റ്റ് വേറെയുണ്ട്. ഇങ്ങനെയെല്ലാം വിദ്യാഭ്യാസരംഗത്ത് കറകളഞ്ഞ സംസ്ഥാനമായിരുന്നു കേരളം.

സർ, താഴെപ്പറയുന്ന പതിനൊന്ന് ചാർജുകളാണ് അവർ ഈ ഗവൺമെൻറിനെതിരായി ഉന്നയിക്കുന്നത്.

(1) കേരളത്തിൻറെ സമ്പൂർണ്ണ സാക്ഷരതാപദ്ധതി. കേരളം സമ്പൂർണ്ണ സാക്ഷരതയുള്ള ഒരു സംസ്ഥാനമായി Census–1991 ഡിക്ലയർ ചെയ്തതാണ്. ഇതിൻറെ തുടർ പ്രവർത്തനം പാടെ ഈ ഗവൺമെൻറ് തകർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) ഗ്രാമീണ യൂണിവേഴ്സിറ്റി എന്ന് വിളിച്ചുവരുന്ന, നമ്മുടെ അടിത്തട്ടിലുള്ള സാംസ്കാരിക പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം ഈ ഗവൺമെന്റ് ബോധപൂർവ്വം നിർജ്ജീവമാക്കിയിരിക്കുകയാണ്.

(3) പ്രാദേശികമായി നിലവിലുണ്ടായിരുന്ന വിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടി, സാധാരണക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങളും ഇവർ തകർത്തിരിക്കുകയാണ്.

(4) കോളേജുകളിൽ ഫീസ് വർദ്ധിപ്പിച്ചു. പാഠപുസ്തകങ്ങളുടെ വില കൂട്ടി. യാത്രാ സൗജന്യങ്ങളും റദ്ദ് ചെയ്തു. പഠന സൗകര്യങ്ങളും കുറയുന്നത്ര നിഷേധിക്കാൻ ഈ ഗവൺമെന്റ് നടപടികളും സ്വീകരിച്ചു.

(5) സൗജന്യ വിദ്യാഭ്യാസം നിഷേധിക്കുന്ന നൂറുകണക്കിന് ടീച്ചിംഗ് ഷോപ്പ്സ് ഇവർ ഒറ്റയടിക്ക് അനുവദിച്ചു കൊടുത്തിരിക്കുന്നു. ഇത് സാധാരണക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസം മുടക്കുന്നുവെന്ന് മാത്രമല്ല, ആയിരക്കണക്കിന് അദ്ധ്യാപകർ തെരുവാധാരമാവുകയും ചെയ്യുകയാണ്. ഇത് തെറ്റാണ്. ഇതിൽ പറയാനുള്ളതെന്താണെന്നു വച്ചാൽ തറ, പറ, പഠിക്കാൻ ഫീസ് കൊടുക്കണമോ? പ്രൈവറ്റ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലുമുള്ള അദ്ധ്യാപകർക്ക് ഒരേ സേവന വേതന വ്യവസ്ഥയാണ്. പക്ഷേ, റക്കഗ്നൈസ്ഡ് അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മാനേജ്മെന്റ് തുച്ഛമായ കാശാണ് കൊടുക്കുന്നത്. ഒരു സേവന വ്യവസ്ഥയും അവർക്ക് ബാധകമല്ല.

(6) ഈ അർബുദം, അൺ എയിഡഡ് ബിസിനസ് ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് ഇവർ പടർത്തി.

(7) 100 വർഷം കൊണ്ടാണ് 173 കോളേജുകൾ ഇവിടെ ഉണ്ടായത്. അൽഭുതമെന്നു പറയട്ടെ, സ്വകാര്യ മേഖലയിൽ അൺ എയിഡഡ് റെക്കഗ്നൈസ്ഡ്, അതായത് പാവപ്പെട്ടവന് ഉന്നത വിദ്യാഭ്യാസത്തിന്റെ വാതിൽ കൊട്ടിയടയ്ക്കുന്നതായ 62 കോളേജുകൾ ഇവർ ഒറ്റ കൊല്ലംകൊണ്ട് കൊടുത്തു. ഇപ്പോൾ അൺ എയിഡഡ് കോളേജുകൾ കച്ചവടക്കാരുടെ താൽപര്യത്തിന് കൈമാറി. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, ഫാർമസി തുടങ്ങിയ ജോബ് ഓറിയൻറഡ് കോഴ്സുകൾ ഇന്ന് പാവപ്പെട്ടവർക്ക് പഠിക്കാൻ കഴിയുന്നില്ല.

(8) മെഡിക്കൽ, എഞ്ചിനീയറിംഗ് രംഗത്ത് സ്വാശ്രയ കോളേജുകൾ എന്ന ഓമനപ്പേരിട്ട് പുതിയ കോഴ കോളേജുകൾ ആരംഭിച്ചു എന്നാണ് ചാർജ്.

(9) ഇവിടെയെല്ലാം തുടങ്ങാനാവശ്യമായ വിധം ഫീസ് കോഴക്കോളേജുകൾ വർദ്ധിപ്പിച്ചു. ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ്. കോഴയും കൈക്കൂലിയും ഇവിടെനിന്നും മാറിയത് പുനഃസ്ഥാപിച്ചു എന്നാണ് രണ്ടു ലക്ഷം അദ്ധ്യാപകൻമാർ ഒപ്പിട്ടു കൊടുത്ത ഭീമഹർജിയിൽ ഗവൺമെന്റിനെതിരായി കൊണ്ടുവന്ന ചാർജ് ഷീറ്റിൽ പറയുന്നത്.

(10) സർക്കാരിന്റെ സ്ഥലവും പൊതുപണവും ഉപയോഗിച്ച് സഹകരണം എന്ന വ്യാജേന പരിയാരത്ത് മെഡിക്കൽ വിദ്യാഭ്യാസം കച്ചവടത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്. ഗവൺമെന്റിന്റെ മണിയും ഗവൺമെന്റിന്റെ പ്രോപ്പർട്ടിയുമായിട്ട് സഹകരണ ആശുപത്രിക്കു പകരം അക്കാഡമി എന്നുപറയുന്ന സ്വകാര്യ എജൻസിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ ബോഡിയിൽ ആജീവനാന്ത പ്രസിഡൻറ് ശ്രീ. കരുണാകരൻ, ശ്രീ. എം. വി. രാഘവൻ ആജീവനാന്ത വൈസ് പ്രസിഡൻറ്. ആ സഹകരണ കോഴകോളേജിനുവേണ്ടി 23 ലക്ഷം രൂപ മാതൃഭൂമിയിൽ അഡ്വർടൈസ് ചെയ്തു കൈക്കൂലി വാങ്ങുന്നു. ഇത് ആദ്യമാണ് കൈക്കൂലിക്ക് അഡ്വർടൈസ്മെൻറ് ഞാൻ കാണുന്നത്. ഇതു മാതൃഭൂമിയിൽ രണ്ടുതവണ വന്നതാണ്. ഇത് മറെറാരു ചാർജ്ജായി ഉന്നയിക്കുന്നു ഈ പാപകൃത്യങ്ങളെ ചോദ്യം ചെയ്തുകൊണ്ട് വിദ്യാർത്ഥികളും അദ്ധ്യാപകരും സമരം ചെയ്തപ്പോൾ കേരള സംസ്ഥാനത്തിലെ എല്ലാ നേതാക്കളെയും തല്ലിച്ചതച്ചു. പെൺകുട്ടികളെ തല്ലി. മെഡിക്കൽ കോളേജ് വിദ്യാർത്ഥികളെ തല്ലി. എ. കെ. പി. സി. ടി. എ..യുടെ നേതാക്കളെ തല്ലി. എ. കെ. ജി. സി. ടി. എ..യുടെ നേതാവിൻെറ മുതുകു് ഒടിച്ചു. 40-നായിരം അദ്ധ്യാപകർക്ക് നേതൃത്വം കൊടുത്തിരുന്ന K.S.T.A. നേതാവ് ശ്രീ. ബാലകൃഷ്ണൻ നമ്പ്യാരുടെ മുതുകു് അടിച്ച് ഒടിച്ചു. സത്യാഗ്രഹ പന്തലിൽ കയറി അടിച്ചു. ആ സമരത്തെ ചോരയിൽ മുക്കി കൊല്ലാൻ ശ്രമിച്ചു എന്നുള്ളതാണ് അടുത്ത ചാർജ്. ആ ചാർജ്ഷീറ്റ് ഞങ്ങളും ബഹുജന മദ്ധ്യത്തിൽ അവതരിപ്പിച്ചു. ഞങ്ങളും സ്വകാര്യ സ്കൂളുകൾക്ക് എതിരല്ല. ഞങ്ങളും വന്നാലും സ്വകാര്യ മേഖലയിൽ സ്കൂളും കൊടുക്കും. സ്വകാര്യ മേഖല ഈ രാജ്യത്ത് ചെയ്ത സേവനം വലുതാണ്. പത്താം ക്ലാസ് വരെ ഫീസില്ല. സ്വകാര്യ സ്കൂളും മാസ്റ്റർക്കും ഗവൺമെൻറ് സ്കൂളും മാസ്റ്റർക്കും ഒരേ ശമ്പളമാണ്. ഒരേ സേവന വ്യവസ്ഥകളാണ്. പ്രൈവറ്റ് സ്കൂളും അദ്ധ്യാപകൻ പഞ്ചായത്ത് പ്രസിഡൻറായാലും ഓണറേറിയം വാങ്ങാമെന്നാണ് ബില്ല് വന്നിരിക്കുന്നത്. ഞങ്ങളും അതിനു് എതിരല്ല. പക്ഷേ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കുവരെ ഫീസ് കൊടുക്കണമെന്നുള്ളതു് it is against the directive principles of the Constitution. ആ കോൺസ്റ്റിറ്റ്യൂഷൻെറ ഡയറക്ടീവ് പ്രിൻസിപ്പളിനുവരെ വിരുദ്ധമായി എല്ലാ കോളേജുകളിലുമുള്ള സംവരണം ഇല്ലാതാക്കിക്കൊണ്ട് പിന്നോക്കവിഭാഗത്തിലുള്ളവനും പാവപ്പെട്ടവനും വിദ്യാഭ്യാസത്തിനുള്ള വാതിൽ കൊട്ടിയടച്ചതിനു് എതിരായിട്ടാണ് രണ്ടുലക്ഷം അദ്ധ്യാപകർ ഒപ്പിട്ട ചാർജ് ഷീറ്റ് ഇന്നു് മുഖ്യമന്ത്രിക്ക് കൊടുത്തത്. വിദ്യാഭ്യാസ രംഗത്ത് താല്പര്യമുള്ളവരുടെ വികാരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ ചാർജസ് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് പരിഗണിച്ച് ഇതിൽ എത്രത്തോളം ചാർജ് വിമുക്തനാകാൻ കഴിയുമോ ആ വിധത്തിൽ മാറണം. മരിക്കുന്നതിനു മുമ്പ് എന്തെങ്കിലും പുണ്യം ചെയ്തു മരിക്കണം. ഈ പാപം ചെയ്തു മരിച്ചുകൂടാ. മരിക്കുമെന്നു പറഞ്ഞാൽ അങ്ങ് മരിക്കുമെന്നല്ല ഞാൻ ഉദ്ദേശിച്ചത് ഈ ഗവൺമെൻറ് മരിക്കുന്നതിനുമുമ്പ് ചെയ്ത പാപത്തിനു് എന്തെങ്കിലും പരിഹാരം ചെയ്യണം. മുടിനാരിഴയായി ചീന്തിയ പാലത്തിലൂടെ നടക്കണം. സാറിനറിയില്ല. അടിയിൽ കത്തുന്നതു തീയാണ്, ചൂടാണ്. തീയിൽ കൊത്തണ പാമ്പുകളുണ്ട്. അവ കൊത്തി വലിച്ചു കളിക്കുകയാണ്. ആ കുണ്ടിലേക്ക് എൻെറ ഉത്തമ സുഹൃത്ത് ശ്രീ. ബഷീർ വീണുപോകരുതെന്നാണ് ഞാൻ പറയുന്നത്. അദ്ദേഹത്തിൻെറ മുൻഗാമിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സാഹിബിൻെറ കാലത്താണു്, ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്താണ് സൗജന്യ വിദ്യാഭ്യാസം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട ബഷീറിനെക്കൊണ്ട് പരിശുദ്ധ റംസാൻ മാസത്തിലാണ് ഈ മഹാപാപം ചെയ്യിച്ചത്. അതിനു് പ്രായശ്ചിത്തം ചെയ്യുമെന്ന വിശ്വാസത്തോടെ എൻെറ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, രണ്ടുലക്ഷം പേർ ഒപ്പിട്ട് മുഖ്യമന്ത്രിക്ക് കൊടുത്ത ചാർജ് ഷീറ്റിലെ ചാർജസ് ഇതാണെങ്കിൽ ഈ ചാർജസ് ഒന്നും നിലനിൽക്കത്തക്കതല്ല. ഇതിൽ ഒരു കുറ്റവിചാരണയുടെ പ്രശ്നമില്ല. വല്ല കുറ്റവിചാരണയും ചെയ്യേണ്ടതുണ്ടെങ്കിൽ ശരിയായ വിദ്യാഭ്യാസ നയത്തിനെതിരെ പ്രക്ഷോഭണ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ മനസ്സാക്ഷിയോടാണ് കുറ്റ വിചാരണ നടത്തേണ്ടത് എന്നുകൂടി കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അക്കമിട്ടു പറഞ്ഞ എല്ലാത്തിനും മറുപടി പറയാൻ സമയമില്ല. ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഒന്ന് സാക്ഷരതാ പ്രസ്ഥാനം ഞങ്ങൾ നശിപ്പിച്ചിട്ടില്ല. സാക്ഷരതാ പ്രസ്ഥാനം സജീവമാക്കുന്നു. പഞ്ചായത്തുരാജ് നിയമം അനുസരിച്ച് സാക്ഷരതാ പ്രസ്ഥാനങ്ങൾ ഗ്രാമതലത്തിലേക്ക് ഡെലിഗേറ്റ് ചെയ്തിരിക്കുകയാണ്. ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ഞങ്ങൾ പരിപോഷിപ്പിച്ചിട്ടേയുള്ളൂ. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ജനകീയ നേതൃത്വം കൊടുത്ത ഒരു ഗവൺമെൻറാണ് ഇത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ മൂന്നുകോടിയിലേറെ രൂപ കൊടുക്കാൻ സംവിധാനമുണ്ടാക്കിയതും ഈ ഗവൺമെൻറാണ്. ഇവിടെ സ്കൂൾ കൊടുത്തതിൽ വേണ്ടത്ര ആലോചന ഉണ്ടായിരുന്നില്ല എന്ന് പറഞ്ഞു. K.E.R.-ന്റെ നടപടിക്രമങ്ങൾ പാലിച്ചു മാത്രമേ ഇവിടെ സ്കൂളുകൾ കൊടുത്തിട്ടുള്ളൂ. ഇവിടെ കോളേജുകൾ കൊടുത്തുവല്ലോ എന്ന് ശിവദാസമേനോൻ ആക്ഷേപം പറഞ്ഞു. ഇനിയും കോളേജുകൾ കൊടുക്കേണ്ടതുണ്ട്. കോളേജുകൾ കൊടുക്കേണ്ടത് ആവശ്യമായതുകൊണ്ടാണ് കൊടുത്തിട്ടുള്ളത്. ഞങ്ങൾ കോളേജുകൾ കൊടുക്കാത്തതല്ലല്ലോ തെറ്റ്. കോളേജുകൾ കൊടുത്തത് അധികമായിപ്പോയി എന്നാണ്. ആ ചാർജ്ജ് ഷീറ്റ് തീരെ നിലനിൽക്കാത്തതാണ്. അത് കൗണ്ടറായി വരേണ്ട ചാർജ്ജ്ഷീറ്റാണ്. കൊടുത്തതിനെ ആക്ഷേപിക്കുന്നത് തെറ്റാണ്. മാത്രമല്ല യൂണിവേഴ്സിറ്റി നിയമങ്ങൾ പാലിച്ചുകൊണ്ടു മാത്രമേ കോളേജുകൾ കൊടുത്തിട്ടുള്ളൂ. കെ. ഇ. ആർ. പാലിച്ചുകൊണ്ടുമാത്രമേ സ്കൂളുകൾ കൊടുത്തിട്ടുള്ളൂ. സ്കൂളുകൾ അടച്ചുപൂട്ടിയിട്ടില്ല. കഴിവതും അൺഇക്കണോമിക് സ്കൂളുകൾ അടച്ചുപൂട്ടിയിട്ടില്ല എന്നു മാത്രമല്ല അൺഇക്കണോമിക് സ്കൂളുകൾ നിലനിൽക്കാൻ വേണ്ടിയുള്ള പുതിയ ഉത്തരവാണ് കൊടുത്തിട്ടുള്ളത്. ദീർഘകാല സർവീസുള്ള അദ്ധ്യാപകരെ പിരിച്ചുവിടുന്നത് ഒഴിവാക്കാനുള്ള സ്കീം ഗവൺമെൻറ് അനൗൺസ് ചെയ്തിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ മേഖല സ്വകാര്യവൽക്കരിക്കുന്നു എന്ന് തെറ്റായ പ്രചരണം നടക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞത് കോൺസ്റ്റിറ്റ്യൂഷണലായ സൗജന്യവിദ്യാഭ്യാസം നിഷേധിച്ചില്ലെന്നു മാത്രമല്ല അതിനുള്ള സൗകര്യങ്ങൾ കൂട്ടിക്കൊടുക്കുകയാണ് ചെയ്തത്. ഇവിടെ പ്രൈമറി തലം തൊട്ട് യൂണിവേഴ്സിറ്റി തലംവരെ പൊതുമേഖലയ്ക്ക് വൻപിച്ച പ്രാധാന്യം കൊടുത്തുകൊണ്ട് അൺ എയിഡഡ് സെൽഫ് ഫിനാൻസിംഗ് മേഖലയ്ക്കുകൂടി പ്രവർത്തനാനുമതി കൊടുക്കുകയെന്ന പ്രായോഗികമായ സമീപനമാണ് കേരളത്തിൽ എടുത്തിട്ടുള്ളത്. എൻറെ നന്മയെപ്പറ്റി പറഞ്ഞു. ഞാൻ സ്വർഗ്ഗത്തിൽ പോകുന്നതിനെപ്പറ്റിയുള്ള അദ്ദേഹത്തിൻറെ താല്പര്യത്തെ ഞാൻ മാനിക്കുന്നു. ശ്രീ. ശിവദാസമേനോൻ ഒരു വിദ്യാഭ്യാസ ചിന്തകൻ കൂടിയാണ്. പാവപ്പെട്ടവരുടെ കാര്യം മറന്നിട്ട് പണക്കാരുടെ വിദ്യാഭ്യാസമുണ്ടാക്കുകയല്ലേ, എന്നല്ലേ നിങ്ങളുടെ ആരോപണം? അദ്ദേഹം മന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് വിദ്യാഭ്യാസമന്ത്രിയായിരുന്നില്ല എങ്കിലും വിദ്യാഭ്യാസ ചിന്തക നായിരുന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടക്കാത്ത കാര്യം, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ആദിവാസികൾക്ക് ഒരു പള്ളിക്കൂടം കൊടുക്കാൻ ഈ ഗവൺമെന്റ് വേണ്ടിവന്നു. അതിൽ അദ്ദേഹത്തിന് നന്ദിയുണ്ടെന്നാണ് എന്റെ വിശ്വാസം. മലമ്പുഴ റിസർവോയറിന് അക്കരെ, പഠിക്കാൻ അവകാശം നിഷേധിക്കപ്പെട്ട ശ്രീ. ശിവദാസമേനോന്റെ മണ്ഡലത്തിലെ കുട്ടികൾക്ക് ഒരു പള്ളിക്കൂടം കൊടുത്തതിൽ എനിക്ക് അഭിമാനമുണ്ട്. അർഹമായ കാര്യമാണത്. പാലക്കാട് ജില്ലയിലെ എം. എൽ. എ.-മാർ ഇവിടെ ഇരിപ്പുണ്ട്. പട്ടാമ്പി ശ്രീ. ഇസ്മയിലിന്റെ മണ്ഡലമാണ്. ഒറ്റപ്പാലം വി. സി. കബീറിന്റെ മണ്ഡലമാണ്. പാലക്കാട് ശ്രീ. സി. എം. സുന്ദരത്തിന്റെ മണ്ഡലമാണ്. ചിറ്റൂർ ശ്രീ. കൃഷ്ണൻകുട്ടിയുടെ മണ്ഡലമാണ്. ഈ നാലു മണ്ഡലങ്ങളിലും ഹൈസ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ കൊടുത്തതിന്റെ ഭാഗമായി മൂന്നു പ്രതിപക്ഷ മെമ്പർമാർ പ്രതിനിധാനം ചെയ്യുന്ന അസംബ്ലി മണ്ഡലങ്ങളിൽ സ്കൂളുകൾ കൊടുക്കാൻ ഈ ഗവൺമെന്റ് വേണ്ടിവന്നു. ഞങ്ങൾ എവിടെയാണ് പാവപ്പെട്ടവന്റെ അവകാശം നിഷേധിച്ചത്. മരുത റോഡിൽ സ്കൂൾ കൊടുക്കാൻ നടപടി ആരംഭിച്ചിരിക്കുന്നു. ഷോളയൂരിൽ ആദിവാസികൾക്ക് പള്ളിക്കൂടം കൊടുത്തിരിക്കുന്നു. ഞങ്ങൾ പാവപ്പെട്ടവന്റെ വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടി ചെയ്തതുപോലെ ഒരു കാലഘട്ടത്തിലും മറ്റാരും ചെയ്തിട്ടില്ല. 19 പുതിയ സ്കൂളുകൾ കൊടുത്തു. ഇവിടെ പറഞ്ഞല്ലോ സ്വാശ്രയ കോഴ്സിനെപ്പറ്റി. സർക്കാർ കോളേജിലും എയിഡഡ് കോളേജുകളിലുമായി 236 കോഴ്സുകളാണ് ഞങ്ങൾ കൊടുത്തത്. നിങ്ങൾ ഭരിക്കുമ്പോൾ പാവപ്പെട്ടവനുവേണ്ടി ഒരു കോഴ്സ് കൊടുത്തിട്ടുണ്ടോ കേരളത്തിൽ? പാവപ്പെട്ടവന് വിദ്യാഭ്യാസ സൗകര്യം കിട്ടാൻ വേണ്ടിയാണ് ഈ കോളേജുകൾ കൊടുത്തിട്ടുള്ളത്. ഇവിടെ രണ്ടു യൂണിവേഴ്സിറ്റികൾ വന്നു. സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റിയെക്കുറിച്ച് യു. ജി. സി. സംസാരിക്കുന്ന സമയത്താണ് ഗവൺമെന്റ് ശ്രമിച്ചിൽ സംസ്കൃത യൂണിവേഴ്സിറ്റിയും മലബാർ യൂണിവേഴ്സിറ്റിയും ഉണ്ടാക്കിയത്. പുറത്തുനിന്നും 15,000 രൂപ കൊടുത്തു പഠിക്കേണ്ട കമ്പ്യൂട്ടർ വിദ്യാഭ്യാസം അഞ്ചു പൈസ കൊടുക്കാതെ ഈ രാജ്യത്തെ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുത്തു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ അനാഥൻമാർ, ബധിരൻമാർ, മൂകൻമാർ ഇവരുടെ പതിനഞ്ച് സ്കൂളുകൾ അൺഎയിഡഡ് ആയിരുന്നു. ആ പതിനഞ്ച് അൺഎയിഡഡ് special സ്കൂളുകളെയും എയിഡഡ് സ്കൂളുകളാക്കിമാറ്റി. പാവപ്പെട്ടവർക്ക് വേണ്ടിയാണ് എയിഡഡ് സ്കൂളുകളാക്കി മാറ്റിയത്. ഇതു പോരെങ്കിൽ ഇവിടെ സ്വാശ്രയ സ്ഥാപനങ്ങൾ കൂടി വേണ്ടതുണ്ട് എന്നു ഞങ്ങൾ ചിന്തിച്ചു. ഞാൻ വിനീതമായി ചോദിക്കുന്നു. സ്വാശ്രയ കോളേജുകൾ വന്നപ്പോൾ നിങ്ങൾ എതിർത്തു. നിങ്ങൾ പറഞ്ഞു നിയമവിരുദ്ധമെന്ന്. സഭയിൽ വച്ച് ആക്ഷേപിച്ചു. ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീം കോടതി പറഞ്ഞ വിധിക്ക് എതിരായി കോളേജ് നടത്തിയതിന് എന്നെ പ്രോസിക്യൂട്ടു ചെയ്യണമെന്നാണ് അന്നു നിങ്ങൾ പറഞ്ഞത്. ഞാൻ ഇതു കൺക്ലൂഡു ചെയ്യുന്നതിനു മുമ്പ് നിങ്ങളുടെ അറിവിലേക്കായി ഒരൊറ്റ വാചകം വായിക്കുകയാണ്. ചരിത്ര രേഖകളായതുകൊണ്ട് ഇവിടെ വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വാശ്രയ കോളേജിനെക്കുറിച്ച് ഞങ്ങളെ പ്രതിക്കൂട്ടിൽ നിറുത്തി ഇതു കേരളത്തിനു പറ്റിയതല്ല എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ശ്രീ. ശിവദാസമേനോൻ പറഞ്ഞത് കോഴ മടക്കിക്കൊണ്ടുവരികയാണ്, ഇതു നിറുത്താൻ പറ്റില്ല എന്ന് ആക്ഷേപിച്ചു. നിങ്ങളുടെ അറിവിലേയ്ക്കായി ഒരൊറ്റ വാചകം വായിക്കുകയാണ്. അതായത് M.G. University-യിലെ Self Financing Course-നെക്കുറിച്ച് Supreme Court Judgment.

"In the light of the Judgment of the court in the Institute of Human Resources Case, this appeal is allowed".....

Appeal allow ചെയ്തു എന്നുമാത്രമല്ല, Supreme Court പറഞ്ഞ അടുത്ത വാചകം, ഈ വിമർശിക്കുന്ന മുഴുവൻ ആളുകളും ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

"Infact we are of the opinion that this scheme now evolved by Government of Kerala is highly commandable Scheme which now the other states may well circulate. A copy of this Order may be communicated to all Chief Secretaries of the States, who may examine the feasibility of applying the Scheme in question in their State as well. The appeal accordingly is allowed. കേരള ഗവൺമെൻറ് ആരംഭിച്ചിട്ടുള്ള സെൽഫ് ഫിനാൻസിംഗ് കോഴ്സ് കമൻഡബിൾ ആണെന്നു മാത്രമല്ല, രാജ്യത്തിനാകെ ഇതൊരു മാതൃകയാകണം. മറ്റു സംസ്ഥാനങ്ങൾക്ക് ഇത് എത്തിച്ചുകൊടുക്കണം. ഇൻഡ്യയിലെ പരമോന്നത നീതിപീഠത്തെക്കൊണ്ട് അംഗീകാരം വാങ്ങിച്ച കോഴ്സുകളും, കോളേജുകളും കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞതിൽ ഗവൺമെൻറിനു അഭിമാനമുണ്ട്. ജനങ്ങളുടെ താൽപര്യവും, നീതിപീഠത്തിൻെറയും, പ്രായോഗികതയുടെയും താൽപ്പര്യവും കണക്കിലെടുത്താൽ ഞങ്ങളെടുത്തിട്ടുള്ള നിലപാടിൽ, ഒരു തെറ്റുമില്ലെന്നും, ശ്രീ. ശിവദാസമേനോനെപ്പോലുള്ള നല്ലവരുടെ മനസ്സാക്ഷി അത് പൂർണ്ണമായി അംഗീകരിക്കുമെന്നും പൂർണ്ണമായ ബോധ്യമുണ്ട്. ഈ നിലപാട് ജനങ്ങളും അംഗീകരിക്കുമെന്നുള്ളതുകൊണ്ടുതന്നെ ധീരമായി, സത്യസന്ധമായി അപാകതയുണ്ടെങ്കിൽ തിരുത്തുവാനുള്ള സൻമനസ്സോടുംകൂടി മുന്നോട്ടു പോകുമെന്നാണ് എനിക്കു പറയാനുള്ളത്.

## VII. റിപ്പോർട്ട് സമർപ്പണം

### പ്രിവിലേജസ് കമ്മിറ്റിയുടെ എട്ട്, ഒൻപത് റിപ്പോർട്ടുകൾ

ശ്രീ. തമ്പാനൂർ രവി: സർ, പ്രിവിലേജസ് കമ്മിറ്റിയുടെ എട്ട്, ഒൻപത് എന്നീ നമ്പർ റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

## VIII. റിപ്പോർട്ട് പരിഗണന

### പ്രിവിലേജസ് കമ്മിറ്റിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

പ്രിവിലേജസ് കമ്മിറ്റിയുടെ അഞ്ച്, ആറ് എന്നീ നമ്പർ റിപ്പോർട്ടുകൾ സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly